**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1291** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>കാലവർഷക്കെടുതിയിലും വെള്ളപ്പൊക്കത്തിലും ഉണ്ടായ നാശനഷ്ടം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. കെ. സനോജ് ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കാലവർഷക്കെടുതിയിലും വെള്ളപ്പൊക്കത്തിലും ഉണ്ടായ നാശനഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കാലവർഷക്കെടുതിയിലും വെള്ളപ്പൊക്കത്തിലും ഉണ്ടായ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. വിശദാംശം "അനുബന്ധം എ" യിൽ ചേർത്തിട്ടുണ്ട്.

**(ബി)** വീടുകളും ജീവനോപാധികളും നഷ്ടമായവർക്കും കൃഷിനാശം സംഭവിച്ചവർക്കും നൽകിയ നഷ്ടപരിഹാരത്തിന്റെ വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** വീടുകളും ജീവനോപാധികളും നഷ്ടപ്പെട്ടവർക്കും കൃഷിനാശം സംഭവിച്ചവർക്കും നൽകിയ നഷ്ടപരിഹാരത്തിന്റ വിശദാംശം "അനുബന്ധം ബി " യിൽ ചേർത്തിട്ടുണ്ട്.

**(സി)** എത്രപേർക്കാണ് ധനസഹായം നൽകാൻ അവശേഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** ധനസഹായം നൽകാൻ അവശേഷിക്കുന്നത് സംബന്ധിച്ച വിശദാംശം "അനുബന്ധം സി " യിൽ ചേർത്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം - (എ)

| ക്രമ നം. | ജില്ല | വിശദാംശം |
|---|---|---|
| 1 | തിരുവനന്തപുരം | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിൽ കാലവർഷക്കെടുതിയിലും വെള്ളപ്പൊക്കത്തിലും ആകെ 216 വീടുകൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുള്ളതാണ്. കൂടാതെ 495 പേരുടെ കൃഷിക്ക് നാശനഷ്ടം സംഭവിച്ചിട്ടുള്ളതും ആകെ 25,26,193 (ഇരുപത്തഞ്ച് ലക്ഷത്തി ഇരുപത്തിആറായിരത്തി ഒരുനൂറ്റി തൊണ്ണൂറ്റി മൂന്ന് രൂപ മാത്രം) രൂപയുടെ നാശനഷ്ടം സംഭവിച്ചിട്ടുള്ളതുമാണ്. KSEB കാട്ടാക്കട സർക്കിളിനു കീഴിൽ 203 LT പോസ്റ്റുകൾക്കും 22 HT പോസ്റ്റുകൾക്കും Conductor Snapping നും ഉണ്ടായ നാശനഷ്ടം മൂലം ആകെ 27,33,732 (ഇരുപത്തി ഏഴ് ലക്ഷത്തി മുപ്പത്തിമൂവായിരത്തി എഴുനൂറ്റി മുപ്പത്തി രണ്ട് രൂപ മാത്രം) രൂപയുടെ നാശനഷ്ടവും KSEB തിരുവനന്തപുരം സർക്കിളിനു കീഴിൽ 76 പോസ്റ്റുകൾക്കും 276 ലൈനുകൾക്കും 5 ട്രാൻസ്ഫോർമറുകൾക്കും ഉണ്ടായ നാശനഷ്ടം മൂലം ആകെ 26,67,626/- (ഇരുപത്തി ആറ് ലക്ഷത്തി അറുപത്തിഏഴായിരത്തി അറുനൂറ്റി ഇരുപത്തി ആറ് രൂപ മാത്രം) രൂപയുടെ നാശനഷ്ടവും ഉണ്ടായിട്ടുണ്ട്. |
| 2 | കൊല്ലം | നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം മഴക്കെടുതികളിലായി ജില്ലയിൽ ആകെ 245 വീടുകൾക്ക് നാശനഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട് |
| 3 | പത്തനംതിട്ട | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാലവർഷക്കെടുതിയിലും വെള്ളപ്പൊക്കത്തിലുമായി ജില്ലയിൽ 16,57,57,728/- (പതിനാറ് കോടി അമ്പത്തിഏഴ് ലക്ഷത്തി അമ്പത്തിഏഴായിരത്തി എഴുനൂറ്റി ഇരുപത്തി എട്ട് രൂപ മാത്രം) രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുള്ളതാണ്. ജില്ലയിൽ കാലവർഷക്കെടുതിമൂലം 2 വീടുകൾ പൂർണ്ണമായും 118 വീടുകൾ ഭാഗീകമായും നാശനഷ്ടം സംഭവിച്ചതുമൂലം 64,80,000/- (അറുപത്തിനാല് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) രൂപയുടെ നാശനഷ്ടവും കൃഷി നാശം സംഭവിച്ചതു മൂലം കാർഷീക മേഖലയ്ക്ക് 13 കോടി രൂപയുടെയും മൃഗസംരക്ഷണ മേഖലയ്ക്ക് 29,83,100/- (ഇരുപത്തി ഒൻപത് ലക്ഷത്തി എൺപത്തിമൂവായിരത്തി ഒരുനൂറ് രൂപ മാത്രം) രൂപയുടെയും വൈദ്യുത വിതരണമേഖലയ്ക്ക് 72,94,628/- (എഴുപത്തി രണ്ട് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി അറുനൂറ്റി ഇരുപത്തി എട്ട് രൂപ മാത്രം) രൂപയുടെയും പൊതുമരാമത്ത് വകുപ്പിന് 1,90,00,000/- (ഒരു കോടി തൊണ്ണൂറു ലക്ഷം രൂപ മാത്രം) രൂപയും ഉൾപ്പെടെ ആകെ ജില്ലയിൽ 16,57,57,728/- (പതിനാറ് കോടി അൻപത്തി ഏഴ് ലക്ഷത്തി അൻപത്തിഏഴായിരത്തി എഴുനൂറ്റി ഇരുപത്തി എട്ട് രൂപ മാത്രം) രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുള്ളതാണ്. |
| 4 | ആലപ്പുഴ | നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രകൃതിക്ഷോഭത്തിൽ ആലപ്പുഴ ജില്ലയിലുണ്ടായ ഭവനനാശം 663 |

| | | |
|---|---|---|
| | | എണ്ണമാണ്.<br>കൃഷിനാശം- 22 പാടശേഖരങ്ങളിലായി 33 ഇടങ്ങളിൽ മടവീഴ്ച മൂലം കൃഷിനാശം സംഭവിച്ചിട്ടുണ്ട്<br>വിവിധ വകുപ്പുകൾക്കുണ്ടായിട്ടുള്ള നാശനഷ്ടം ചുവടെചേർക്കുന്നു<br>KSEB 1.34 (നാശനഷ്ടം കോടിയിൽ)<br>LSGD 30.34<br>PWD ROADS 2.013<br>Agriculture 13.27<br>Fisheries 1.16<br>Dairy Sector 0.691<br>Animal Husbandry 0.662 |
| 5 | കോട്ടയം | 2026 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ കോട്ടയം ജില്ലയിൽ കാലവർഷക്കെടുതിയിലും വെള്ളപ്പൊക്കത്തിലും വിവിധ മേഖലകളിലായി 241.5706 കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. |
| 6 | ഇടുക്കി | ജില്ലയിൽ 68 വില്ലേജുകളിൽ 28 വില്ലേജുകളെ മഴക്കെടുതി ബാധിച്ചിട്ടുണ്ട്.<br>മരണപ്പെട്ടവർ - 2<br>പരിക്കേറ്റവർ - 8<br>ഉരുൾപൊട്ടലിൽ - 8<br>മണ്ണിടിച്ചിൽ - 97<br>പൂർണമായി നഷ്ടപ്പെട്ട വീടുകൾ - 15<br>ഭാഗികമായി നഷ്ടപ്പെട്ട വീടുകൾ - 80<br>വെള്ളംകയറിയ വീടുകൾ - 278<br>ജില്ലയിൽ നാശനഷ്ടം നേരിട്ട പഞ്ചായത്ത് റോഡുകളുടെ വിവരങ്ങൾ.<br>ബാധിക്കപ്പെട്ട പഞ്ചായത്തുകളുടെ എണ്ണം - 25, ബാധിക്കപ്പെട്ട പഞ്ചായത്ത് റോഡുകളുടെ എണ്ണം - 109, ജില്ലയിൽ നാശനഷ്ടം നേരിട്ട പൊതുമരാമത്ത് റോഡുകളുടെ എണ്ണം - 47<br>ജില്ലയിൽ നാശനഷ്ടം നേരിട്ട കൃഷി സ്ഥലങ്ങളുടെ വിവരങ്ങൾ<br>136.35 ഹെക്ടർ, ബാധിക്കപ്പെട്ട കർഷകരുടെ എണ്ണം - 1359. |
| 7 | എറണാകുളം | പിറവം മുനിസിപ്പാലിറ്റിയിലെ പാഴൂർ ആറ്റുതീരം പാർക്ക് റോഡ് മഴയിൽ ഇടിഞ്ഞ് താഴ്ന്നിട്ടുള്ളതാണ്. |
| 8 | തൃശ്ശൂർ | ഈ സർക്കാർ അധികാരത്തിൽ വന്ന 18.05.2026 ന് ശേഷം തൃശ്ശൂർ ജില്ലയിൽ കാലവർഷകെടുതിയിലും വെള്ളപൊക്കത്തിലും 313 വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുള്ളതാണ്. 126 വില്ലേജുകളിൽ ദുരിതം ബാധിച്ചിട്ടുള്ളതും 16 വില്ലേജിലെ ദുരിത ബാധിതർക്കായി 14 ദുരിതാശ്വാസക്യാമ്പുകൾ പ്രവർത്തിച്ചിരുന്നതുമാണ്. |
| 9 | പാലക്കാട് | ഭവനനാശം: കാലവർഷക്കെടുതിയിൽ ഉണ്ടായ ഭവനനാശം 407 (ഭാഗിക ഭവനനാശം 311, പൂർണ്ണ ഭവനനാശം - 96).<br>വെള്ളം കയറിയ വീടുകൾ: വീടുകളിൽ വെള്ളം കയറിയതായി 1 കേസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>കൃഷിനാശം: 356.72 ഹെക്ടർ സ്ഥലത്ത് 2812 കർഷകർക്ക് |

| | | |
|---|---|---|
| | | 1625.39 ലക്ഷം രൂപയുടെ കൃഷിനാശം സംഭവിച്ചതായി പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ പ്രഥമദൃഷ്ട്യാ (FIR) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 10 | മലപ്പുറം | കാലവർഷക്കെടുതിയിൽ ഉണ്ടായ ഭവന നാശം-353 (ഭാഗിക ഭവന നാശം-351, പൂർണ്ണ ഭവന നാശം-2)<br>വെള്ളം കയറിയ വീടുകൾ-343<br>716 കർഷകർക്ക് 157 ഹെക്ടർ കൃഷി നാശം സംഭവിച്ചിട്ടുണ്ട്.<br>ജീവനോപാധി നഷ്ടപ്പെട്ടത്<br>തൊഴുത്ത് തകർന്നത് - 5 എണ്ണം, വളർത്തു മൃഗം നഷ്ടപ്പെട്ട വ്യക്തികളുടെ എണ്ണം - 1, കോഴികൾ നഷ്ടപ്പെട്ട വ്യക്തികളുടെ എണ്ണം - 1 |
| 11 | കോഴിക്കോട് | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (2026 മേയ് മുതൽ) കോഴിക്കോട് ജില്ലയിൽ കാലവർഷക്കെടുതിയിലും വെള്ളപ്പൊക്കത്തിലും 784 ഹൗസ് ഡാമേജ് കേസുകളും, 2237 വീടുകൾക്ക് പ്രളയം ബാധിച്ചതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 12 | വയനാട് | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാലവർഷ കെടുതിയിലും വെള്ള പൊക്കത്തിലും വീടുകൾക്ക് ഉണ്ടായ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. 258 വീടുകൾക്കാണ് നാശനഷ്ടം സംഭവിച്ചിട്ടുള്ളത്. |
| 13 | കണ്ണൂർ | 770 വീടുകൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. |
| 14 | കാസർഗോഡ് | നാശ നഷ്ടം സംഭവിച്ച വീടുകൾ-447<br>പ്രളയജലം കയറിയോ, മണ്ണിടിച്ചിൽ ഉരുൾപൊട്ടൽ മൂലം മണ്ണ്, ചെളി എന്നിവ വീടുകളിൽ കയറിയോ നാശനഷ്ടം സംഭവിച്ച വീടുകൾ - 1060<br>പ്രളയജലം കയറിയോ, മണ്ണിടിച്ചിൽ ഉരുൾപൊട്ടൽ മൂലം മണ്ണ്, ചെളി എന്നിവ കയറി നാശനഷ്ടം സംഭവിച്ച വാണിജ്യ സ്ഥാപനങ്ങൾ-18 |

അനുബന്ധം - (ബി)

| ക്രമ നം. | ജില്ല | വിശദാംശം |
|---|---|---|
| 1 | തിരുവനന്തപുരം | തിരുവനന്തപുരം ജില്ലയിൽ കാലവർഷക്കെടുതിയിലും വെള്ളപ്പൊക്കത്തിലും ആകെ 216 വീടുകൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. ടിയാളുകൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ ലാൻഡ് റവന്യൂ പോർട്ടൽ മുഖേന സ്വീകരിച്ചു വരുന്നു. |
| 2 | കൊല്ലം | ധനസഹായം അനുവദിച്ചിട്ടില്ല. |
| 3 | പത്തനംതിട്ട | 2026 ലെ കാലവർഷക്കെടുതിയിൽ പ്രളയജലം കയറിയോ, മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ മൂലം മണ്ണ്, ചെളി, പാറ എന്നിവ വീടുകളിൽ കയറിയോ നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് വീട് വൃത്തിയാക്കുന്നതിനുള്ള ധനസഹായമായി റേഷൻ കാർഡ് ഒന്നിന് 10,000/- (പതിനായിരം രൂപ മാത്രം) രൂപ വീതം 19,735 കുടുംബങ്ങൾക്ക് 19,73,50,000/- (പത്തൊൻപത് കോടി എഴുപത്തിമൂന്ന് ലക്ഷത്തി അൻപതിനായിരം രൂപ മത്രം) രൂപ ധനസഹായം അനുവദിച്ചിട്ടുള്ളതും പ്രളയജലം കയറി നാശനഷ്ടം സംഭവിച്ച സുക്ഷ്മ, ചെറുകിട, ഇടത്തരം വാണിജ്യ വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും അംഗീകൃത ഹോംസ്റ്റേകൾക്കും അടിയന്തര സഹായമായി 10,000/- (പതിനായിരം രൂപ മാത്രം) രൂപ വീതം 288 ഗുണഭോക്താക്കൾക്ക് 28,80,000/- (ഇരുപത്തി എട്ട് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) രൂപയും ധനസഹായമായി അനുവദിച്ചിട്ടുള്ളതാണ്. പ്രകൃതിക്ഷോഭം മൂലം കൃഷി നാശം സംഭവിച്ചവർക്ക് ദുരിതാശ്വാസം നല്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. |
| 4 | ആലപ്പുഴ | പ്രളയജലം കയറി നാശം സംഭവിച്ച വീടുകൾ വൃത്തിയാക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ച 10000/- (പതിനായിരം രൂപ മാത്രം) രൂപയിൽ 37552 ഗുണഭോക്താക്കൾക്ക് SDRF വിഹിതം 5000/- (അയ്യായിരം രൂപ മാത്രം) രൂപവീതം ആകെ 18,77,60,000/- (പതിനെട്ട് കോടി എഴുപത്തി ഏഴ് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) രൂപയും 35775 ഗുണഭോക്താക്കൾക്ക് CMDRF വിഹിതം ആയ 5000/- (അയ്യായിരം രൂപ മാത്രം) രൂപ വീതം 17,88,75,000/- (പതിനേഴ് കോടി എൺപത്തി എട്ട് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ മാത്രം) രൂപയും ജില്ലാ കളക്ടേറ്റ് മുഖേന 26/09/2026 വരെ വിതരണം ചെയ്തിട്ടുള്ളതാണ്. 24/09/2026 ലെ സർക്കാർ ഉത്തരവ് നമ്പർ 387/2026/DMD പ്രകാരം ടി ധനസഹായവിതരണം താലൂക്ക് തലത്തിലേക്ക് മാറ്റിയിട്ടുള്ളതും അപ്രകാരം താലൂക്കുകൾ മുഖേന വിതരണം ചെയ്തതുൾപ്പടെ SDRF തുക 5000/- (അയ്യായിരം രൂപ മാത്രം) രൂപ വീതം ആകെ 49417 ഗുണഭോക്താക്കൾക്ക് നാളിതുവരെ വിതരണം ചെയ്തിട്ടുള്ളതാണ്.<br>പ്രളയജലംമൂലം ദുരിതമനുഭവിച്ച കുടുംബങ്ങളിലെ മുതിർന്ന രണ്ട് പേർക്ക് അനുവദിച്ചിരുന്ന (300 രൂപ വീതം 7 ദിവസത്തേക്ക്) തുക |

| | | |
|---|---|---|
| | | 29024 പേർക്ക് വിതരണംചെയ്തിട്ടുള്ളതാണ്.<br>പ്രകൃതിക്ഷോഭത്തിൽ നാശം സംഭവിച്ച 663 ഭവനങ്ങളുടെ വിവിധ സ്ലാബ് അനുസരിച്ച് നഷ്ടപരിഹാരതുകകൾവിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>പ്രകൃതിക്ഷോഭത്തിൽ നാശം സംഭവിച്ച 33 മടകളിൽ നിലവിൽ 22 പാടശേഖരങ്ങളിലായി കൃഷിഓഫീസർമാർ നൽകിയ പൂർത്തീകരണ സാക്ഷ്യപത്രം അനുസരിച്ച് 17,13,152/- (പതിനേഴ് ലക്ഷത്തി പതിമൂവായിരത്തി ഒരുന്നൂറ്റി അൻപത്തി രണ്ട് രൂപ മാത്രം) രൂപ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അംഗീകരിച്ചിട്ടുള്ളതാണ്. |
| 5 | കോട്ടയം | കോട്ടയം ജില്ലയിൽ 5 പേർ കാലവർഷക്കെടുതിയിൽ മരണപ്പെടുകയും ആയവരുടെ സംസ്കാര ചടങ്ങുകൾക്കായി 10,000/- (പതിനായിരം രൂപ മാത്രം) രൂപ വീതം അനുവദിച്ച് നൽകിയിട്ടുള്ളതാണ്. കൂടാതെ മരണപ്പെട്ടവരുടെ ആശ്രിതർക്ക് SDRF ഫണ്ടിൽ നിന്നും 4,00,000/- (നാല് ലക്ഷം രൂപ മാത്രം)രൂപ വീതം അനുവദിച്ച് നൽകിയിട്ടുള്ളതാണ്. ജില്ലയിൽ പ്രളയജലം കയറിയോ, മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ മൂലം മണ്ണ്, ചെളി, പാറ എന്നിവ വീടുകളിൽ കയറിയോ നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് വീട് വൃത്തിയാക്കുന്നതിനുള്ള ധനസഹായമായി റേഷൻ കാർഡ് ഒന്നിന് അനുവദിച്ച ₹10,000/- (പതിനായിരം രൂപ മാത്രം) രൂപയിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ₹5000/- (അയ്യായിരം രൂപ മാത്രം) രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 5000/- (അയ്യായിരം രൂപ മാത്രം) രൂപയും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിൽ 10,066 കുടുംബങ്ങൾക്ക് ടി തുക അനുവദിച്ചിട്ടുള്ളതാണ്. പ്രളയജലം വീടുകളിൽ കയറി ദുരിതം ബാധിച്ച ഓരോ കുടുംബത്തിനും ഒരു റേഷൻ കാർഡിന് (2 മുതിർന്ന വ്യക്തികൾക്ക്) പ്രതിദിനം 300/- രൂപ വീതം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 6 | ഇടുക്കി | ജില്ലയിൽ 68 വില്ലേജുകളിൽ 28 വില്ലേജുകളെ മഴക്കെടുതി ബാധിച്ചിട്ടുണ്ട്.<br>മരണപ്പെട്ടവർ - 2<br>പരിക്കേറ്റവർ - 8<br>ഉരുൾപൊട്ടലിൽ - 8<br>മണ്ണിടിച്ചിൽ - 97<br>പൂർണമായി നഷ്ടപ്പെട്ട വീടുകൾ - 15<br>ഭാഗികമായി നഷ്ടപ്പെട്ട വീടുകൾ - 80<br>വെള്ളംകയറിയ വീടുകൾ - 278<br><u>ജില്ലയിൽ നാശനഷ്ടം നേരിട്ട പഞ്ചായത്ത് റോഡുകളുടെ വിവരങ്ങൾ</u><br>ബാധിക്കപ്പെട്ട പഞ്ചായത്തുകളുടെ എണ്ണം - 25, ബാധിക്കപ്പെട്ട പഞ്ചായത്ത് റോഡുകളുടെ എണ്ണം - 109, ജില്ലയിൽ നാശനഷ്ടം നേരിട്ട പൊതുമരാമത്ത് റോഡുകളുടെ എണ്ണം - 47<br><u>ജില്ലയിൽ നാശനഷ്ടം നേരിട്ട കൃഷി സ്ഥലങ്ങളുടെ വിവരങ്ങൾ</u><br>136.35 ഹെക്ടർ, ബാധിക്കപ്പെട്ട കർഷകരുടെ എണ്ണം 1359. |

| | | |
|---|---|---|
| 7 | എറണാകുളം | ധനസഹായം അനുവദിച്ചിട്ടില്ല. |
| 8 | തൃശ്ശൂർ | തൃശ്ശൂർ ജില്ലയിൽ പ്രകൃതിക്ഷോഭം മൂലം നാശനഷ്ടം സംഭവിച്ച 313 വീടുകൾക്ക് ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 9 | പാലക്കാട് | ഭവനനാശം: 2026 കാലവർഷത്തിൽ ഉണ്ടായ 407 ഭവനനാശങ്ങളിൽ അർഹരായവർക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 10 | മലപ്പുറം | വീടുകളിൽ വെള്ളം കയറിയതിന് കുടുംബങ്ങൾക്ക് ധനസഹായം നൽകിയതിന്റെ എണ്ണം-11, ജീവനോപാധി നഷ്ടപ്പെട്ടവർക്കും കൃഷി നാശം സംഭവിച്ചവർക്കും നഷ്ടപരിഹാരം നൽകിയിട്ടില്ല |
| 11 | കോഴിക്കോട് | 2026 ൽ വീട്ടിൽ വെള്ളം കയറിയതുമായി ബന്ധപ്പെട്ട് SDRF മാനദണ്ഡ പ്രകാരം 352 പേർക്ക് 1,76,000/- (ഒരു ലക്ഷത്തി എഴുപത്തി ആറായിരം രൂപ മാത്രം) രൂപ നൽകിയിട്ടുണ്ട് |
| 12 | വയനാട് | മുൻ വർഷങ്ങളിൽ വീടുകൾക്ക് നാശനഷ്ടം സംഭവിച്ച അപേക്ഷകളിലും, ഈ വർഷത്തെ അപേക്ഷകളിലുമായി 384 പേർക്ക് ആകെ 2,34,39,000/- (രണ്ട് കോടി മുപ്പത്തി നാല് ലക്ഷത്തി മുപ്പത്തി ഒൻപതിനായിരം രൂപ മാത്രം) രൂപ നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അനുവദിച്ചിട്ടുണ്ട്. |
| 13 | കണ്ണൂർ | വീടുകൾക്ക് നാശനഷ്ടം സംഭവിച്ചതിന് നഷ്ടപരിഹാരം അനുവദിച്ചത് - 154 |
| 14 | കാസർഗോഡ് | പ്രളയജലം കയറിയോ, മണ്ണിടിച്ചിൽ ഉരുൾപൊട്ടൽ മൂലം മണ്ണ്, ചെളി എന്നിവ വീടുകളിൽ കയറി നാശനഷ്ടം സംഭവിച്ച 46 കുടുംബങ്ങൾക്ക് ധനസഹായം വിതരണം നടത്തിയിട്ടുണ്ട്. ബാക്കിയുള്ള അപേക്ഷകളിലും, വീടുകൾക്ക് നാശം സംഭവിച്ച കുടുംബങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

# അനുബന്ധം - (സി)

| ക്രമ നം. | ജില്ല | വിശദാംശം |
|---|---|---|
| 1 | തിരുവനന്തപുരം | തിരുവനന്തപുരം ജില്ലയിൽ കാലവർഷക്കെടുതിയിലും വെള്ളപ്പൊക്കത്തിലും വീടുകൾക്ക് നാശനഷ്ടം സംഭവിച്ച 216 പേർക്കും കൃഷിക്ക് നാശനഷ്ടം സംഭവിച്ച 495 പേർക്കും ധനസഹായം നൽകാൻ അവശേഷിക്കുന്നു. |
| 2 | കൊല്ലം | 2026 ൽ പ്രസ്തുത ലിസ്റ്റിൽപ്പെട്ട ആർക്കും നഷ്ടപരിഹാരം നൽകിയിട്ടില്ല. വീട് തകർന്ന 245 പേർക്ക് നഷ്ടപരിഹാരം നൽകാനുണ്ട്. |
| 3 | പത്തനംതിട്ട | പ്രളയജലം കയറിയോ, മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ മൂലം മണ്ണ്, ചെളി, പാറ എന്നിവ വീടുകളിൽ കയറിയോ നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് അടിയന്തര സഹായമായി 1670 കുടുംബങ്ങൾക്കും പ്രളയജലം കയറി നാശനഷ്ടം സംഭവിച്ച സൂക്ഷ്മ, ചെറുകിട, ഇടത്തരം വാണിജ്യ വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും അംഗീകൃത ഹോംസ്റ്റേകൾക്കും അടിയന്തര സഹായമായി 352 സ്ഥാപനങ്ങൾക്കും പ്രളയജലം കയറി ദുരിതം ബാധിച്ച ഓരോ കുടുംബത്തിനും, ഒരു റേഷൻ കാർഡിന് (2 മുതിർന്ന വ്യക്തികൾക്ക്) പ്രതിദിനം 300/- (മുന്നൂറ് രൂപ മാത്രം) വീതം 7 ദിവസത്തേക്ക് അനുവദിക്കുന്ന കേസുകളിൽ 17,937 പേർക്കും വീടുകൾക്ക് നാശനഷ്ടം സംഭവിച്ചതുമൂലമുള്ള 120 പേർക്കുമാണ് ജില്ലയിൽ ധനസഹായം നൽകാൻ അവശേഷിക്കുന്നത്. ജില്ലയിൽ കാർഷിക മേഖലയിൽ എയിംസ് പോർട്ടൽ പ്രകാരം 1631 കർഷകർക്കും മൃഗസംരക്ഷണ മേഖലയിൽ 137 പേർക്കും ധനസഹായം നൽകാൻ അവശേഷിക്കുന്നുണ്ട്. |
| 4 | ആലപ്പുഴ | ഭവനനാശം - 663 പേരുടെ അപേക്ഷകളിൽ നടപടി സ്വീകരിച്ചു വരുന്നു.<br>കൃഷിനാശം - 1281 അപേക്ഷകളിൽനടപടി സ്വീകരിച്ചു വരുന്നു.<br><u>പ്രളയജലം കയറി നാശം സംഭവിച്ച വീടുകൾ വൃത്തിയാക്കുന്നതിന്</u><br>SDRF തുക 4476 പേർക്ക് വിതരണം ചെയ്യാൻ ബാക്കിയുണ്ട്.<br>CMDRF തുക 18118 പേർക്ക് വിതരണം ചെയ്യാൻ ബാക്കിയുണ്ട്.<br><u>പ്രളയജലംമൂലം ദുരിതമനുഭവിച്ച കുടുംബങ്ങളിലെ മുതിർന്ന രണ്ട് പേർക്ക് അർഹമായ തുക</u><br>24869 പേർക്ക് ധനസഹായം വിതരണം ചെയ്യാൻ ബാക്കിയുണ്ട്.<br><u>പ്രളയജലത്തിൽ നാശനഷ്ടം ഉണ്ടായ വ്യാപാരസ്ഥാപനങ്ങൾ</u><br>1503 പേർക്ക് ധനസഹായം വിതരണം ചെയ്യാൻ ബാക്കിയുണ്ട്. |
| 5 | കോട്ടയം | 41,086 കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നതിലേയ്ക്ക് തഹസിൽദാർമാർക്ക് തുക അനുവദിച്ച് നൽകിയിട്ടുണ്ട്. |
| 6 | ഇടുക്കി | 92 കുടുംബങ്ങൾക്ക് ധനസഹായം നൽകാൻ ബാക്കിയുണ്ട്. |
| 7 | എറണാകുളം | ബാധകമല്ല |
| 8 | തൃശ്ശൂർ | തൃശ്ശൂർ ജില്ലയിൽ പ്രകൃതിക്ഷോഭം മൂലം നാശനഷ്ടം സംഭവിച്ച |

| | | |
|---|---|---|
| | | 313 വീടുകൾക്ക് ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2026 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ഉണ്ടായ വെള്ളപ്പൊക്കത്തിന്റെ കെടുതികളിൽപെട്ട കുടുംബങ്ങൾക്ക് ആശ്വാസധനസഹായമായി സർക്കാർ പ്രഖ്യാപിച്ച 10,000/- (പതിനായിരം രൂപ മാത്രം) രൂപയിൽ SDRF വിഹിതം 5000/- (അയ്യായിരം രൂപ മാത്രം) രൂപ വീതം 483 വീടുകൾക്ക് അനുവദിച്ചു. 13 പേർക്ക് അനുവദിക്കാനുണ്ട്. ആകെ 496 അപേക്ഷകർക്കും CMDRF വിഹിതം 5000/- (അയ്യായിരം രൂപ മാത്രം) അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| 9 | പാലക്കാട് | ഭവനനാശം: പൂർണ്ണ, ഭാഗിക ഭവനനാശത്തിന് ധനസഹായം അനുവദിക്കാനുള്ളവരുടെ ആകെ എണ്ണം - 407 (ഭാഗിക ഭവനനാശം - 311, പൂർണ്ണ ഭവനനാശം - 96).<br>വെള്ളം കയറിയ വീടുകൾ: വീടുകളിൽ വെള്ളം കയറിയതിന് ധനസഹായം നൽകാനുള്ളവരുടെ എണ്ണം - 1<br>കൃഷിനാശം: 2812 കർഷകർക്ക് നഷ്ടപരിഹാരം നൽകാനുണ്ട്. |
| 10 | മലപ്പുറം | കാലവർഷക്കെടുതിയിൽ ഉണ്ടായ പൂർണ്ണ,ഭാഗിക ഭവന നാശത്തിന് ധന സഹായം അനുവദിക്കാനുള്ളവരുടെ ആകെ എണ്ണം-353 (ഭാഗിക ഭവന നാശം-351 പൂർണ്ണ ഭവന നാശം-2)<br>വീടുകളിൽ വെള്ളം കയറിയതിന് കുടുംബങ്ങൾക്ക് നഷ്ട പരിഹാരം നൽകാനുള്ളവരുടെ എണ്ണം-332<br>ജീവനോപാധി നഷ്ടപ്പെട്ട 7 പേർക്ക് ധനസഹായം നൽകാനുണ്ട്.<br>കൃഷി നാശം സംഭവിച്ചതിന് 675 കർഷകർക്ക് നഷ്ടപരിഹാരം നൽകാനുണ്ട്. |
| 11 | കോഴിക്കോട് | 2026 ലെ പ്രകൃതി ക്ഷോഭവുമായി ബന്ധപ്പെട്ട ഹൗസ് ഡാമേജ് കേസുകളിൽ ആർക്കും ധനസഹായം നൽകിയിട്ടില്ല. പ്രളയം ബാധിച്ച 1885 (നിലവിലെ കണക്ക്) വീടുകൾക്ക് ധനസഹായം നൽകാൻ അവശേഷിക്കുന്നുണ്ട് |
| 12 | വയനാട് | 102 പേർക്ക് ധനസഹായം നൽകാൻ ബാക്കിയുണ്ട്. ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| 13 | കണ്ണൂർ | ധനസഹായം അനുവദിക്കാനുള്ളത് - 616 |
| 14 | കാസർഗോഡ് | നാശനഷ്ടം സംഭവിച്ച 401 വീടുകൾക്കും പ്രളയജലം കയറി നാശനഷ്ടം സംഭവിച്ച 1032 കുടുംബങ്ങൾക്കും ധനസഹായം അനുവദിച്ചിട്ടില്ല. |